(4) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫിഷിംഗ് ഹാർബർ

ശ്രീ. പി. ശങ്കരൻ: ഒൻപത് ഫിഷിംഗ് ഹാർബറുകളുടെ പ്രൊപ്പോസലാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറാണ് കൊയിലാണ്ടി. 29.5 കോടി രൂപയുടെ ഒരു പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജിയും സെന്റർ ഫോർ എൻവയോൺമെന്റ് സ്റ്റഡീസും സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡും ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാറിന് ഇതു സംബന്ധിച്ച് ഞാൻ അയച്ച കത്തിന് നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. 2002 ഒക്ടോബറിൽത്തന്നെ തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഇത് അംഗീകരിച്ചിട്ടുണ്ട് എന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. "The proposal for construction was accepted in principle by my Ministry long back in October 2002. The State Government is yet to confirm availability of land, environmental clearance and budgetary provision in the state budget for the development of the proposed fishing harbour at Koilandy" എന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും എനിക്ക് അപേക്ഷിക്കാനുള്ളത് സംസ്ഥാന ഗവൺമെന്റ് ഇതിനാവശ്യമായ സ്ഥലവും ബഡ്ജറ്ററി പ്രൊവിഷനും നൽകുകയാണെങ്കിൽ ഈ പദ്ധതി ഈ വർഷം തന്നെ കേന്ദ്രം അനുവദിച്ചു നൽകുമെന്നാണ്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി എന്റെ നിയോജകമണ്ഡലത്തിൽ വന്ന അവസരത്തിൽ പൊതുവേദിയിൽ ഈ പദ്ധതി പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തതാണ്. ഈ കാര്യം സഭയിൽ കൂടി ഉറപ്പായി നൽകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ 29.50 കോടി രൂപ പ്രതീക്ഷിക്കുന്ന മത്സ്യബന്ധന തുറമുഖ നിർമ്മാണ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൊയിലാണ്ടിക്ക് എത്രയും വേഗം അനുമതി നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് നേരിട്ട് നിവേദനം നൽകിയിട്ടുണ്ട്. കഴിഞ്ഞ മാസം കേന്ദ്ര കൃഷി വകുപ്പുമന്ത്രി തലസ്ഥാനത്ത് എത്തിയപ്പോൾ ഇക്കാര്യം അദ്ദേഹത്തോട് സൂചിപ്പിച്ചിരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും കേന്ദ്ര കൃഷിവകുപ്പും ആവശ്യപ്പെട്ട പ്രകാരം കൂടുതൽ രേഖകളും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷംതന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നു മാത്രമല്ല ഈ വരുന്ന ബഡ്ജറ്റിൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന് തുകയും വകയിരുത്തണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ഒരു മീറ്റിംഗ് 5-8-2004-ന് ഡൽഹിയിൽ വച്ച് കൂടുകയുണ്ടായി. എക്സ്പെർട്ട് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു. അത് 10-12-2004-ൽ തന്നെ കൊടുത്തു. ഈ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് പദ്ധതി ശുപാർശ ചെയ്തതായിട്ടാണ് അറിയാൻ കഴിഞ്ഞത്. പക്ഷെ ഇതിന്റെ രേഖ എത്തിയിട്ടില്ല. എത്തിയാൽ ഉടൻതന്നെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly